I. ഇ.ബി. XV-കേരള നിയമസഭ/XIII-14

**പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 മാർച്ച് 11, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

വയനാട് പുനരധിവാസം

മി. സ്പീക്കർ: വയനാട് ജില്ലയിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ദുരന്തമുണ്ടായി എട്ട് മാസമാകാറായിട്ടും ദുരിതബാധിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതും പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലായതുമായ സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ

ടി. സിദ്ദിഖ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 30-07-2024-ന് വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചൂരൽമല, മുണ്ടക്കൈ, പുഞ്ചിരിമറ്റം എന്നിവിടങ്ങളിലും പുന്നപ്പുഴയുടെ ഇരുകരകളിലുമുണ്ടായ ഉരുൾപൊട്ടലിൽ 266 പേർ മരിക്കുകയും 32 പേരെ കാണാതാകുകയും ചെയ്തിട്ടുണ്ട്. ദുരന്തത്തിൽ കാണാതായവരെ മരണപ്പെട്ടവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 23 ദിവസത്തിനുള്ളിൽ ദുരന്തബാധിതമായ എല്ലാ കുടുംബങ്ങളെയും വാടക വീടുകളിലേക്ക് മാറ്റി പാർപ്പിക്കുകയും 300 രൂപയുടെ ജീവനോപാധി സഹായം 2181 വ്യക്തികൾക്ക് 3 മാസം നൽകുകയും 9 മാസംകൂടി നൽകുന്നതിന് ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുമസ് പുതുവത്സരത്തോടനുബന്ധിച്ച് 2000/- രൂപയുടെ കിറ്റുകൾ വിതരണം ചെയ്യുകയും പുനരധിവാസം പൂർത്തിയാകുന്നതുവരെ എല്ലാ കുടുംബങ്ങൾക്കും 1000/- രൂപയുടെ പലവ്യഞ്ജന കൂപ്പൺ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദുരന്തബാധിതമായ ഓരോ

കുടുംബത്തിനുമായി മൈക്രോ പ്ലാൻ തയ്യാറാക്കുകയും ടൗൺഷിപ്പിൽ വീട് നിർമ്മിക്കുന്നതിന് അർഹതയുള്ളവരുടെ അന്തിമ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള തുക വിനിയോഗിച്ച് ടൗൺഷിപ്പിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമാക്കും. എസ്.ഡി.ആർ.എഫ്.-ൽനിന്നും ലഭ്യമായ തുക വിനിയോഗിച്ച് റോഡുകൾ നിർമ്മിക്കാനും റോഡുകളിലൂടെയുള്ള വൈദ്യുതി വിതരണ സംവിധാനം അണ്ടർഗ്രൗണ്ട് കേബിൾ വഴിയാക്കാനും സോളാർ എനർജി ബാറ്ററി ബാങ്കിങ് സംവിധാനം സ്ഥാപിക്കാനും നടപടി സ്വീകരിച്ചുവരുന്നു. No go zone ആയി മാറിയ ഭൂമിയിലെ അവശിഷ്ടങ്ങൾ മാറ്റി കൃഷിയോഗ്യമാക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭ്യമായ തുക ചെലവഴിക്കും. ടൗൺഷിപ്പ് നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ദുരന്താവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്താനും പുതിയ പാറ ഖനനം പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നുണ്ട്. പനമരത്ത് പഴശ്ശിരാജാ കോളേജിൽ ആധുനിക എക്സ്പാൻഡ് റഡാർ സ്ഥാപിക്കുകയും ആധുനിക ഉപകരണങ്ങളെക്കുറിച്ചും ദുരന്ത ലഘൂകരണത്തെക്കുറിച്ചും പുതുതലമുറയെ ബോധവാൻമാരാക്കുന്നതിനായി ഒരു കോഴ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വയനാട്ടിൽ അഞ്ചിടങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള കവചം മുന്നറിയിപ്പ് സംവിധാനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടൊപ്പം കൂടുതൽ സൂക്ഷ്മമായ ഉരുൾപൊട്ടൽ പ്രവചന സംവിധാനം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല കിഫ്ബിയെ ഏല്പിക്കുകയും ദുരന്താഘാതം വിലയിരുത്തുന്നതിന് സാങ്കേതിക വിദഗ്ധരുടെ ടീമിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക കണക്കുകൾ വിലയിരുത്തി ദുരന്തബാധിതരുടെ എണ്ണം നിശ്ചയിച്ച് അന്തിമ പട്ടിക തയ്യാറാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. എല്ലാവിധത്തിലുമുള്ള പുനരധിവാസം ഉറപ്പുവരുത്തുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ദുരന്തബാധിതരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: വയനാട്ടിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ദുരന്തമുണ്ടായി എട്ട് മാസമാകാറായിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നീങ്ങുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ദുരിതബാധിതരോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. സ്പോൺസർമാരുമായി യഥാസമയം ചർച്ച നടത്തി അവർക്കാവശ്യമായ

സൗകര്യങ്ങൾ ചെയ്തുകൊടുത്തിരുന്നുവെങ്കിൽ ഭവനനിർമ്മാണ പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ സാധിക്കുമായിരുന്നു. അർഹരായ എല്ലാവരെയും ഉൾപ്പെടുത്തി ദുരിതബാധിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ദുരിതബാധിതരുടെ പരാതികളിന്മേൽ തീർപ്പുകല്പിക്കുന്ന കാര്യത്തിൽ നിരുത്തരവാദപരമായ നടപടിയാണ് സർക്കാർ സ്വീകരിച്ചത്. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് കുറഞ്ഞത് 10 സെന്റ് ഭൂമിയെങ്കിലും നൽകുന്നത് സംബന്ധിച്ച് പരിശോധിക്കണം. പരിക്കേറ്റവരുടെ തുടർചികിത്സയ്ക്കായി 5 ലക്ഷം രൂപ മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ദിനബത്തയായി നൽകിയിരുന്ന 300/- രൂപ ആദ്യത്തെ മൂന്നുമാസം മാത്രമാണ് നൽകിയത്. വ്യാപാര സ്ഥാപനങ്ങൾ നഷ്ടമായ ചെറുകിട വ്യാപാരികൾക്കും കൃഷിഭൂമിയും കാർഷിക വിളകളും നശിച്ചവർക്കും നാളിതുവരെ ഒരു സഹായവും പ്രഖ്യാപിച്ചിട്ടില്ല. മൈക്രോ പ്ലാനിനായി കുടുംബശ്രീ ആവശ്യപ്പെട്ട തുക പോലും ലഭ്യമാക്കിയിട്ടില്ല. ദുരിതബാധിതരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അത്യന്തം ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. കെ. രാജൻ: വയനാട് ദുരന്തത്തിൽ സംഭവിച്ച നഷ്ടം കണക്കാക്കി ആദ്യം 1202 കോടി രൂപയുടെ മൊമ്മോറാണ്ടവും തുടർന്ന് 2202 കോടി രൂപയുടെ പുനർനിർമ്മാണ മെമ്മോറാണ്ടവും സമർപ്പിച്ചെങ്കിലും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല നടപടിയുണ്ടായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർദേശം ലഭിക്കാത്തതിനാൽ ദുരിതബാധിതർ ദേശസാൽകൃത ബാങ്കുകളിൽനിന്നും എടുത്ത വായ്പ എഴുതിത്തള്ളാൻ സാധിച്ചില്ലെങ്കിലും അവരുടെ മുഴുവൻ കടവും കേരള ബാങ്ക് എഴുതിത്തള്ളിയിട്ടുണ്ട്. പുനരധിവാസത്തിനായി കണ്ടെത്തിയ രണ്ട് എസ്റ്റേറ്റുകളിലെ ഭൂമി ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 മാർച്ച് 27-ാം തീയതി ടൗൺഷിപ്പിന് തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പരിക്കേറ്റവരുടെ തുടർ ചികിത്സയ്ക്കായി സർക്കാർ നിരവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വഴി ഇല്ലാത്തതുമൂലം വീടുകളിലേക്ക് തിരികെ പോകാൻ സാധിക്കാത്തവർക്ക് റോഡ് നിർമ്മാണം പൂർത്തിയാകുന്നതുവരെ സി.എം.ഡി.ആർ.എഫ്.-ൽനിന്നും 6,000/- രൂപ വീതം നൽകാനുള്ള നടപടി സ്വീകരിക്കും. No go zone-ൽ പെടാത്ത സ്വകാര്യ ഭൂമി ഉൾപ്പെടെ കണക്കാക്കി ചൂരൽമലയ്ക്കായി പുതിയ ഡിസൈൻ തയ്യാറാക്കും. ഈ

ദുരന്തത്തിൽ ഏതെങ്കിലും വിധത്തിലുള്ള നഷ്ടമുണ്ടായ ഒരു വ്യക്തിയെയും ഒറ്റപ്പെടുത്തുന്ന സമീപനം സർക്കാർ സ്വീകരിക്കില്ല. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം</u>

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നതും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ കഴിയുന്നതുമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അനുബന്ധ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനും യാത്രാ കപ്പലുകൾ യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ടം 2024 ഡിസംബർ 3-ന് പ്രവർത്തനക്ഷമമായിട്ടുണ്ട്. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മുമ്പാകെ നടത്തിയ പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ച ആവശ്യങ്ങളും പരാതികളുംകൂടി പരിഗണിച്ച് തയ്യാറാക്കിയ കരട് റിപ്പോർട്ടിന് 10-03-2025-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പാരിസ്ഥിതികാനുമതി ലഭിച്ച സാഹചര്യത്തിൽ തുടർഘട്ടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡിന്റെ 2.5 കി.മീ. ചുറ്റളവിൽ വിവിധ വ്യവസായ-വാണിജ്യശാലകൾ ആരംഭിക്കാനാകുമെന്നും ഇതിന്റെ തുടർച്ചയായി എറണാകുളം മുതൽ തെക്കോട്ടുള്ള ഇതര ജില്ലകളിലും നിരവധി ലോജിസ്റ്റിക് പാർക്കുകളും വ്യവസായശാലകളും വരുമെന്നും പ്രതീക്ഷിക്കുന്നു. ഈ മേഖലകളിലേക്ക് മൂലധനം ആകർഷിക്കുന്നതിനായി വിഴിഞ്ഞം കോൺക്ലേവ്, ഇൻവെസ്റ്റ്മെന്റ് കേരള സമ്മിറ്റ് എന്നിവ നടത്തുകയുണ്ടായി. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടൊപ്പം ഇതര തുറമുഖങ്ങളിൽനിന്നും വിഴിഞ്ഞത്തേക്ക് ചരക്കുനീക്കം നടത്താനുള്ള നടപടികളുമാരംഭിക്കുന്നതാണ്. വിദേശ കപ്പലുകളുൾപ്പെടെ

തുറമുഖത്തുവന്നുപോകുന്നതിനാവശ്യമായ സെക്യൂരിറ്റി സർട്ടിഫിക്കറ്റായ ഐ.എസ്.പി.എസ്. വിഴിഞ്ഞം, കോവളം, കൊല്ലം ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങൾ നേടിയെടുത്തിട്ടുണ്ട്. കേരള മാരിടൈം ബോർഡിനുകീഴിലുള്ള തുറമുഖങ്ങളിൽ കപ്പൽ ചാലിന്റെ ആഴം കൂട്ടിയും അധികമായി വാർഫുകൾ നിർമ്മിച്ചും കൂടുതൽ സൗകര്യങ്ങളുറപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സ്വകാര്യ നിക്ഷേപം ആകർഷിച്ച് ബോർഡിന്റെ കീഴിലുള്ള നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കാനും പൊന്നാനിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ തുറമുഖം ആരംഭിക്കാനുമുള്ള സാധ്യതയും ആരായുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഭൂമിയേറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് പ്രത്യേക പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

## (2) ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ് മേഖലയിലെ പട്ടയവിതരണം

ശ്രീ. പി. ജെ. ജോസഫ്: ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ് മേഖലകളിൽ പട്ടയം നൽകുന്നത് സുപ്രീം കോടതി ഇടക്കാല ഉത്തരവിലൂടെ വിലക്കിയിരിക്കുകയാണ്. സി.എച്ച്.ആർ. ഭൂമി സംബന്ധിച്ച് കേരള സർക്കാർ പലപ്പോഴായി നൽകിയ സത്യവാങ്മൂലങ്ങളിലെ പൊരുത്തക്കേടുകളാണ് തിരിച്ചടിക്ക് കാരണമായിട്ടുള്ളത്. സുപ്രീം

കോടതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്ത് പട്ടയ നടപടികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ് മേഖലയിൽ പട്ടയം വിതരണം ചെയ്യുന്നതിന് സുപ്രീം കോടതി ഉത്തരവ് പ്രകാരം തടസ്സങ്ങൾ വന്നിട്ടുണ്ട്. ഉടുമ്പൻചോല, ദേവികുളം, പീരുമേട് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഏലമലക്കാടുകളിൽ വളരെ ചെറിയൊരു വിസ്തൃതി മാത്രമാണ് റിസർവ് വനഭൂമി എന്നും ഏലമലക്കാടുകളുടെ അവകാശം റവന്യൂ വകുപ്പിനും ഈ പ്രദേശത്തെ വൃക്ഷങ്ങളുടെ നിയന്ത്രണം മാത്രമാണ് വനം-റവന്യൂ വകുപ്പുകൾക്ക് സംയുക്തമായിട്ടുള്ളതെന്നുമുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ഏലമലക്കാടുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങളുൾപ്പെടുത്തി സത്യവാങ്മൂലം ഫയൽ ചെയ്യണമെന്ന സുപ്രീം കോടതി നിർദേശത്തെത്തുടർന്ന് 23-10-2024-ൽ ചീഫ് സെക്രട്ടറി അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ സി.എച്ച്.ആർ. മേഖലയിൽ 1993-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരമാണ് പട്ടയം അനുവദിച്ചുവരുന്നത്. 1980-ലെ വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം വിതരണം ചെയ്യുന്നതിന് അനുമതി ലഭിച്ച ഭൂമിയിൽ സി.എച്ച്.ആർ.

മേഖലയിലെ പട്ടയങ്ങളും ഉൾപ്പെടും. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## III. സബ്മിഷൻ

### (1) അരിപ്പയിലെ ഭൂസമരക്കാർക്ക് സ്ഥലം അനുവദിക്കൽ

ശ്രീ. രമേശ് ചെന്നിത്തല: അരിപ്പയിലെ ഭൂസമരക്കാർക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. എസ്. സുപാൽ: അരിപ്പ ഭൂസമരം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ തിങ്കൾക്കരിക്കകം വില്ലേജിൽ 2013 മുതൽ നടക്കുന്ന അരിപ്പ ഭൂസമരവുമായി ബന്ധപ്പെട്ട വിവരശേഖരണത്തിൽ ആദ്യം 516 കുടുംബങ്ങളുണ്ടായിരുന്നെങ്കിലും പിന്നീടത് 167 എണ്ണമായി കുറഞ്ഞു. 'ഭൂരഹിതരില്ലാത്ത പുനലൂർ' പദ്ധതിയിലുൾപ്പെടുത്തി അരിപ്പ സമരഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്ന അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി അടിയന്തരമായി പൂർത്തീകരിക്കാൻ പ്രാഥമിക വിവരശേഖരണം

നടത്തുന്നതിന് ആറംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. 51.74 ഏക്കർ വരുന്ന അരിപ്പ സമരഭൂമി പരിശോധിച്ചതിൽ വിവിധ ജില്ലകളിൽനിന്നുള്ള 296 കൈവശക്കാർ ഉള്ളതായും 281 കുടിൽ കണ്ടെത്തിയതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ അതിർത്തി പങ്കിടുന്ന വനഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്ന 17 പേരുടെ വിവരവും ശേഖരിച്ചിട്ടുണ്ട്. പ്രാഥമിക വിവരശേഖരണത്തിൽ ഉൾപ്പെട്ടവരുടെ വരുമാനം, മറ്റ് ഭൂമിയുണ്ടോ എന്നീ വിവരങ്ങൾ ശേഖരിച്ച് ഭൂമി ലഭിക്കാൻ അർഹതയുള്ളവരുടെ സമഗ്രമായ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിവരികയാണ്. പ്രാദേശിക വിവരശേഖരണത്തിൽ ഉൾപ്പെടാത്ത അർഹരായവർ ഉണ്ടോയെന്നുകൂടി പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി 51.74 ഏക്കർ ഭൂമി വിവിധ വിഭാഗത്തിൽപ്പെട്ട അർഹരായ കൈവശക്കാർക്ക് ഈ വർഷംതന്നെ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## (2) കേരള ഓട്ടോമൊബൈൽസ് ആധുനികവൽക്കരണവും കുളത്തൂർ പവർലൂം സ്ഥലത്ത് പുതിയ പദ്ധതിയും

ശ്രീ. കെ. ആൻസലൻ: കേരള ഓട്ടോമൊബൈൽസിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും സ്ഥാപനം ആധുനികവൽക്കരിക്കുന്നതിനും കുളത്തൂർ പവർലൂം പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് മുഖാന്തരം ഇലക്ട്രിക് ഓട്ടോ നിർമ്മിച്ച് വിപണിയിലെത്തിക്കുകയും സ്മാർട്ട് സിറ്റി പ്രോജക്ടുമായി ബന്ധപ്പെട്ട് ഇലക്ട്രിക് ഓട്ടോ വിതരണം ചെയ്യുകയും ലോഡ്സ് ഓട്ടോമേറ്റീവ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് ഇ-സ്കൂട്ടർ നിർമ്മാണത്തിലേക്ക് കടക്കാനിരിക്കുകയുമാണ്. കമ്പനിയുടെ വൈദ്യുതി കുടിശ്ശിക ഗവൺമെന്റ് ഏറ്റെടുക്കുകയും സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് അടയ്ക്കുന്നതിനുള്ള ധനസഹായമായി മൂന്ന് കോടി രൂപയും എൻ.പി.എ. വായ്പാതിരിച്ചടവിന് 1.36 കോടി രൂപയും പ്രവർത്തന മൂലധനമായി 16.59 കോടി രൂപയും നൽകുകയും ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കുളത്തൂർ പവർലൂമിന്റെ അധിക ഭൂമിയിൽ പത്ത് ഏക്കർ വ്യവസായ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## (3) പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് പുതിയ കെട്ടിടം

ശ്രീ. കെ. പി. എ. മജീദ്: വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ സഹായം

ലഭ്യമാക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിക്ക് കെട്ടിട നിർമ്മാണത്തിന്റെ ആദ്യഘട്ടമായി 15.25 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർ നടപടി സ്വീകരിച്ചുവരുന്നു. അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് സമർപ്പിക്കാൻ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്. 130 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പദ്ധതിക്ക് നിലവിൽ 186.62 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) ഒറ്റപ്പാലം-പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ്

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം-പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡ് പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഒറ്റപ്പാലം-പാലപ്പുറം കേന്ദ്രീയ വിദ്യാലയം റോഡിന്റെ പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിങ്

വിഭാഗം മുഖേന ചെയ്താൽ സെന്റേജ് ചാർജ് ലാഭിക്കാമെന്നും പ്രവൃത്തിക്ക് കെൽ ആവശ്യപ്പെട്ട സെന്റേജ് ചാർജ് അനുവദനീയമല്ലെന്നും പ്രവൃത്തി കെൽ മുഖേന നടത്താൻ തീരുമാനിച്ചാൽ സെന്റേജ് ചാർജ് പുനഃപരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ അറിയിക്കുകയും പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(5) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് നിയമനം

ശ്രീ. വി. ജോയി: കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന നിയമനങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ആരോഗ്യ വകുപ്പ് നിയോഗിച്ച ജീവനക്കാർക്കുപരിയായി ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ഡോക്ടർമാരുടെ സേവനം ആവശ്യമായി വരുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും പാരാമെഡിക്കൽ

സ്റ്റാഫിനെയും നിയമിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നെങ്കിലും പാരാമെഡിക്കൽ സേവനം നൽകാൻ എത്രപേരെ നിയമിക്കാമെന്ന കാര്യത്തിൽ വ്യക്തത വേണമെന്ന് വിവിധ തലങ്ങളിൽനിന്ന് ആവശ്യമുയർന്നതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദീകരണം നൽകുകയുണ്ടായി. അതുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നിയോഗിക്കാവുന്ന ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം രണ്ട് വീതവും, കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയോഗിക്കാവുന്ന ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം ഓരോന്നുമാണ്. പ്രത്യേക പരിഗണന നൽകേണ്ട പ്രദേശങ്ങളിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുന്ന പക്ഷം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധിക ജീവനക്കാരെ നിയോഗിക്കാവുന്നതാണ്. ഇതുപ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ച പട്ടിക കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിശോധനയിലാണ്.

(6) വടക്കാഞ്ചേരി ചരൽപറമ്പ് ഫ്ലാറ്റ് നിർമ്മാണം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി നഗരസഭയിലെ ചരൽപറമ്പിലെ ഫ്ലാറ്റ് സമുച്ചയ നിർമ്മാണം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കോവിഡ് നിയന്ത്രണങ്ങൾ കാരണം തടസ്സപ്പെട്ട വടക്കാഞ്ചേരി നഗരസഭയിലെ ചരൽപറമ്പിലെ ലൈഫ് ഭവന സമുച്ചയ നിർമ്മാണം കോവിഡാനന്തരം പുനരാരംഭിച്ചെങ്കിലും പ്രസ്തുത നിർമ്മാണം സംബന്ധിച്ച് മുൻ എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഏജൻസികൾ അന്വേഷണം ആരംഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട കേസുകളിൽ അന്തിമതീരുമാനമായിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക ക്ഷമത പരിശോധിക്കാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു വിദഗ്ധ സാങ്കേതിക സമിതിയെ നിയോഗിച്ചിട്ടുണ്ട്. നിയമവശംകൂടി പരിശോധിച്ച് മുടങ്ങിയ ഫ്ലാറ്റ് നിർമ്മാണം എത്രയുംവേഗം പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(7) അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ്

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള എക്സ്റ്റൻഷൻ ട്രെയിനിങ് സെന്ററിൽ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മഞ്ചേശ്വരത്തെ എക്സ്റ്റൻഷൻ ട്രെയിനിങ് സെന്ററിൽ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ മതിയായ അധ്യാപകരോ നിലവിലില്ല. പ്രസ്തുത സ്ഥലം സന്ദർശിച്ച് വിശദമായ പഠനം നടത്തി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാൻ ഫാക്കൽറ്റി ഓഫ് അഗ്രികൾച്ചറിലെ ഡീനിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രാദേശിക വികസന ഫണ്ടിൽ നിന്നുൾപ്പെടെ പണം ലഭ്യമാക്കി അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയാണെങ്കിൽ ഇക്കാര്യം അനുഭാവപൂർവം പരിഗണിക്കുന്നതാണ്.

(8) മുതലപ്പൊഴി തുറമുഖ ഡ്രഡ്ജിങ്

ശ്രീ. വി. ശശി: മുതലപ്പൊഴി തുറമുഖത്തിന്റെ ഡ്രഡ്ജിങ് പ്രവൃത്തി അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മുതലപ്പൊഴിയിലെ മത്സ്യബന്ധന മേഖല അപകടരഹിതമാക്കുന്നതുമായി ബന്ധപ്പെട്ട് പൂനെ CWPRS-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്നതിനും ഡ്രഡ്ജിങ്ങിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട് ഘടകങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള 177 കോടി രൂപയുടെ പ്രവൃത്തി ടെൻഡർ സ്റ്റേജിലാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയുംവേഗം നിർമ്മാണം ആരംഭിക്കുന്നതാണ്.

(9) പിറവം ചിത്രപ്പുഴ-മാമല ബണ്ട് റോഡ് നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: തിരുവാങ്കുളം ജങ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വിഭാവന ചെയ്ത ചിത്രപ്പുഴ-മാമല ബണ്ട് റോഡിന്റെ നിർമ്മാണത്തിലെ തടസ്സങ്ങൾ നീക്കാൻ അടിയന്തര ഇടപെടൽ നടത്തണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചിത്രപ്പുഴ-മാമല റോഡ് നിർമ്മാണത്തിന് 75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അലൈൻമെന്റിലൂടെ ഗ്യാസ് പൈപ്പ്ലൈൻ

കടന്നുപോകുന്നതിനാൽ പുതിയ ലൈനിടുന്നതിനുള്ള 26.84 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയുടെ പരിഗണനയിലാണ്. പ്രസ്തുത റോഡിന്റെ അലൈൻമെന്റ് നിർദിഷ്ട കെ-റെയിലിന്റെ അലൈൻമെന്റുമായി യോജിച്ചുപോകുന്നതിനാൽ പ്രവൃത്തി ഓവർലാപ് ചെയ്യുന്ന രണ്ട് ഭാഗങ്ങളിൽ ആർ.ഒ.ബി./ആർ.യു.ബി. നിർമ്മിക്കണമെന്ന് കെ-റെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്. നിലവിലുള്ള അലൈൻമെന്റ് പ്രകാരം മുന്നോട്ടുപോകാൻ കഴിയുമോയെന്ന് പരിശോധിക്കാൻ കെ-റെയിലിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഏകോപിപ്പിക്കാൻ കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേക നിർദേശം നൽകുന്നതാണ്. സ്ഥലലഭ്യതയ്ക്കനുസരിച്ച് തിരുവാങ്കുളം ജങ്ഷൻ വിപുലീകരണം നടപ്പാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

## IV. ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

2021 ഫെബ്രുവരി 16-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 4/2021/വ്യ.വ. (എസ്.ആർ.ഒ. നമ്പർ 312/2021) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങൾക്ക് ഡോ. എൻ. ജയരാജ് നൽകിയ ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 18 വരെയുള്ള

ഭേദഗതികൾ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

2) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ" എന്നീ വാക്കുകൾക്ക് പകരം, "സർവ്വീസ് ചാർജ്ജും ആക്റ്റിലെ 7(1), 8(1), 9(1) എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഫീസും ഉൾപ്പെടെ" എന്നീ വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചിഹ്നങ്ങളും ചേർക്കുക.

3) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "സംയുക്ത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "സംയുക്ത/പൊതുവായ അപേക്ഷ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

5) ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ "പ്രസ്തുത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത അപേക്ഷയും സർവ്വീസ് ചാർജ്ജും ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

6) ചട്ടം 2(5) പ്രകാരം മൂലചട്ടത്തിൽ പുതുതായി ചേർക്കുന്ന അദ്ധ്യായം 4 എ-യിൽ "സംബന്ധിച്ച് ബന്ധപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "സംബന്ധിച്ചോ ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

7) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17 (1)-ൽ " സർവ്വീസ് ചാർജ്ജ് നൽകുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ സെക്ഷൻ 7(1), 8(1), 9(1) എന്നിവ പ്രകാരമുള്ള ഫീസും നൽകുമ്പോൾ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കുക.

8) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17 (1) -ൽ "സർവ്വീസ് ചാർജ്ജായി" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിങ്ങനെ" എന്ന് ചേർക്കുക.

9) ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ "സർവ്വീസ് ചാർജ്ജ് സംബന്ധിച്ച്" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിവ സംബന്ധിച്ച്" എന്ന് ചേർക്കുക.

11) ചട്ടം 2(8)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം എ-യിൽ II. ഭൂമി സംബന്ധമായ വിശദാംശങ്ങളിലെ (ബി) ഇനത്തിൽ "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

12) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ

വാക്കുകൾ ചേർക്കുക.

14) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "വകുപ്പ് ഏജൻസിയിൽ" എന്നീ വാക്കുകൾക്ക് പകരം "വകുപ്പ്/ഏജൻസിയിൽ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

15) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്/അതിന്റെ പുതുക്കൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

16) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "കാണുന്നപക്ഷം കരുതപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾക്ക് പകരം "കാണുന്നപക്ഷം നൽകപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾ ചേർക്കുക.

18) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "നൽകപ്പെട്ടിരിക്കുന്നു." എന്ന വാക്കിനും ചിഹ്നത്തിനും താഴെയായി,

"(സീൽ)

പേര്

ഉദ്യോഗപ്പേര്

.....വ്യവസായ പ്രദേശ ബോർഡ്/......ജില്ലാ ബോർഡ്/ സംസ്ഥാന ബോർഡ്"

എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതികൾ ഭേദഗതിയോടെ സ്വീകരിക്കുന്നു.

13) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ "സ്ഥാപിക്കുന്നതിലേക്ക്" എന്ന വാക്കിനുപകരം "സ്ഥാപിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

17) ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ, "ഉണ്ടായിരിക്കുന്നതും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതുമാണ്."

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## V. ധനകാര്യം

2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ IX - വാഹനനികുതികൾ
(255,73,72,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം
(1807,48,51,000 രൂപ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(10431,68,01,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം
(446,24,40,000 രൂപ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XXXIII - മത്സ്യബന്ധനം
(726,93,89,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(121,44,30,000 രൂപ)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയേയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. ടി. ഐ. മധുസൂദനൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-വനിതാ ശിശുവികസന വകുപ്പ് അഭിമാനകരമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ആരോഗ്യരംഗത്തെ പ്രവർത്തനമികവിന് ദേശീയ-അന്തർദേശീയ തലത്തിലുള്ള പുരസ്കാരങ്ങൾ നേടാനായതും ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകാനായതും ശ്ലാഘനീയമാണ്. ഹീമോഫീലിയ ബാധിതരുടെ വിവരശേഖരണം നടത്തുകയും തുടർചികിത്സ നൽകുകയും ചെയ്യുന്ന നടപടി എടുത്തുപറയത്തക്കതാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് മുടക്കം കൂടാതെ ശമ്പളവും പെൻഷൻകാർക്ക് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.-യെ നവീകരിച്ച് ലാഭത്തിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കടൽമണൽ ഖനനം ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ പ്രതിഷേധിക്കുന്നതിനും സർവകക്ഷിയോഗം വിളിച്ച് ചർച്ച ചെയ്യുന്നതിനും തയ്യാറാകണം. പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതോടൊപ്പം പൂവാർ മുതൽ അടിമലത്തുറ വരെയുള്ള ഭാഗത്തെ

മണ്ണൊലിപ്പ് തടഞ്ഞ് തീരം സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യഫെഡ് വഴി എടുത്ത ലോൺ തിരിച്ചടയ്ക്കാൻ സാധിക്കാത്ത മത്സ്യത്തൊഴിലാളികൾക്കെതിരെ ആർബിട്രേഷൻ നടപടി സ്വീകരിക്കുന്നത് നിർത്തിവയ്ക്കണം. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾക്കുള്ള ധനസഹായവും അൺ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പും നൽകുന്നതിനും നടപ്പ് അധ്യയന വർഷത്തെ ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി, ശുചിമുറി നിർമ്മാണം എന്നിവ പുന:സ്ഥാപിക്കുകയും മണ്ണെണ്ണ സബ്സിഡി വർധിപ്പിക്കുകയും ചെയ്യണം. മുതലപ്പൊഴിയിൽ സർക്കാർ വാഗ്ദാനം ചെയ്ത കാര്യങ്ങൾ നടപ്പാക്കണം. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് 16 ദിവസം ഫിസിക്കൽ ഡ്യൂട്ടി ചെയ്താൽ മാത്രമേ ശമ്പളം നൽകുകയുള്ളൂവെന്ന നിബന്ധന ഒഴിവാക്കുന്നതിനും സപ്ലിമെന്ററി സാലറി അടിയന്തരമായി നൽകുന്നതിനും പി.എഫ്.-ൽനിന്ന് പിൻവലിക്കാവുന്ന തുകയുടെ പരിധി വർധിപ്പിക്കുന്നതിനും എൻ.പി.എസ്. വിഹിതം കൃത്യമായി അടയ്ക്കുന്നതിനും

നടപടി സ്വീകരിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സമാനതകളില്ലാത്ത വെല്ലുവിളികൾക്കിടയിലും ആരോഗ്യ രംഗത്തെ പ്രവർത്തന കാര്യക്ഷമതയ്ക്കും മികവിനുമായി 25-ഓളം ബഹുമതികളും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരവും കേരളത്തിന് ലഭിച്ചത് ശ്ലാഘനീയമാണ്. മാതൃശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെന്നത് ശ്രദ്ധേയമാണ്. പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനം മാതൃകാപരമാണ്. വൈക്കം നിയോജകമണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പോസ്റ്റ് ക്രിയേഷൻ നടത്താനും താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി വിഭാഗം ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. വൈക്കത്ത് പുതിയ താലൂക്ക് ആശുപത്രിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ആരോഗ്യ-റവന്യൂ വകുപ്പുമന്ത്രിമാർ ഇടപെടൽ നടത്തണം. ഹൃദയസ്തംഭനം മൂലമോ മറ്റ് കാരണങ്ങളാലോ പെട്ടെന്ന് കുഴഞ്ഞുവീഴുന്നവർക്ക് സി.പി.ആർ. നൽകുന്നതിനുള്ള പരിശീലനം സ്കൂൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതിനും കുടുംബശ്രീ, റെസിഡന്റ്സ്

അസോസിയേഷനുകൾ മുഖേന നൽകാനുമുള്ള നടപടി സ്വീകരിക്കണം. ബ്രെയിൻ ഡെത്ത് സംഭവിച്ച് അവയവങ്ങൾ ദാനം ചെയ്യുന്നവരുടെ ശവസംസ്കാര ശുശ്രൂഷകൾ സർക്കാരിന്റെ ആദരവോടുകൂടി നടത്തണം. തീരക്കടൽ-ആഴക്കടൽ സമുദ്ര ഖനനം നിർത്തലാക്കാനായി യോജിച്ച പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എ. കെ. എം. അഷ്റഫ്: ധനാഭ്യർഥനകളെ എതിർക്കുന്നു. കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർഥ്യമാക്കാനും മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാനും നടപടി സ്വീകരിക്കണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൈവളിഗെ വില്ലേജിലെ 15 വയസ്സുള്ള ശ്രേയ എന്ന പെൺകുട്ടി ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുസംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണം.

ചീഫ്വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകൾ സൗന്ദര്യവൽക്കരിച്ചതും ബജറ്റ് ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പാക്കിയതും ടിക്കറ്റിതര വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചതും കൊറിയർ സംവിധാനം ഏർപ്പെടുത്തിയതും അഭിനന്ദനീയമാണ്. വിവാഹാവശ്യങ്ങൾക്ക് അനുവദിക്കുന്ന

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ വാടക കുറയ്ക്കാൻ നടപടി സ്വീകരിക്കണം. ഡ്രൈവിങ് ലൈസൻസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നിലപാടുകൾ സ്വാഗതാർഹമാണ്. പൊൻകുന്നം-പാലക്കാട് ബസ്സ് സർവീസ് ആരംഭിക്കുന്നതിനും പൊൻകുന്നം-കോഴിക്കോട് ബസ്സ് റൂട്ട് പൂർവസ്ഥിതിയിലാക്കുന്നതിനും മതിയായ കണ്ടക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബിന്റെയും നഴ്സിങ് കോളേജിന്റെയും പ്രവർത്തനം ആരംഭിച്ചത് സ്വാഗതാർഹമാണ്. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കാനും ഒരു പോലീസ് സർജന്റെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ലഹരിയുടെ ഉറവിടം കണ്ടെത്തി ഉന്മൂലനം ചെയ്യുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. സർവീസിതര വരുമാനം ലഭ്യമാക്കി കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ഡ്രൈവിങ് സ്കൂളുകൾ ആരംഭിക്കാനും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ നൂതന വാഹന നികുതി സമാഹരണം നടത്താനും സാധിച്ചത് അഭിനന്ദനാർഹമാണ്.

കായംകുളം-ബാംഗ്ലൂർ ബസ്സ് സർവീസ് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിലെ സഞ്ചാരയോഗ്യമായ റോഡുകളിൽ ഗ്രാമവണ്ടി സർവീസ് നടത്തുന്നതിന് ഇലക്ട്രിക് ബസ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. തീരദേശ മേഖലയിലെ ഭവന നവീകരണത്തിനായി ബജറ്റിൽ തുക വകയിരുത്തിയതിനെ അഭിനന്ദിക്കുന്നു. കായംകുളം, ഹരിപ്പാട്, അമ്പലപ്പുഴ നിയോജകമണ്ഡലങ്ങളിൽ സുനാമി ദുരിതബാധിതർക്ക് നൽകിയ വീടുകൾ പുനർനിർമ്മിക്കുന്നതിനും തീരദേശ റോഡുകൾ നവീകരിക്കുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ക്യാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ആരോഗ്യവകുപ്പ് നടപ്പാക്കിയ ജനകീയ ക്യാമ്പയിൻ അഭിനന്ദനാർഹമാണ്. പഞ്ചായത്തുകളിലെ ആരോഗ്യ ഉപകേന്ദ്രങ്ങളിൽ മാസത്തിലൊരിക്കൽ ഒരു ഡോക്ടറുടെയും സൈക്കോളജിസ്റ്റിന്റെയും സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരണം ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യമേഖലയ്ക്കുവേണ്ടി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആശുപത്രികളിലെ മരുന്ന് ക്ഷാമത്തിന് പരിഹാരം

കാണണം. വടകര ജില്ലാ ആശുപത്രിയിൽ ഒരു ഫോറൻസിക് സർജൻ ഉൾപ്പെടെ ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫുകളെയും നിയമിക്കാൻ നടപടി സ്വീകരിക്കണം. ഓർക്കാട്ടേരി സി.എച്ച്.സി.-യുടെ ശോച്യാവസ്ഥ പരിഹരിച്ച് ആവശ്യമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തണം. ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും ജീവനോപാധി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകണം. വടകര നിയോജകമണ്ഡലത്തിലെ ഗ്രാമപ്രദേശങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കുന്നതിനും ആശാ വർക്കർമാരുടെ സമരം അവസാനിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത് കേരള സർക്കാരാണ്. കേന്ദ്രവിഹിതം വെട്ടിക്കുറച്ച് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും നവകേരള സൃഷ്ടിക്കായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കി വികസനം സാധ്യമാക്കി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീ. യു. ആർ. പ്രദീപ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാർ സാധാരണക്കാർക്കായി തയ്യാറാക്കുന്ന പദ്ധതികൾ ലക്ഷ്യം

കാണുന്നില്ല. കേരളത്തിന്റെ ആവശ്യങ്ങളോട് കേന്ദ്രസർക്കാർ കടുത്ത അവഗണനയാണ് കാണിക്കുന്നത്. കേരള സർക്കാർ നടത്തുന്ന വികസന പ്രവർത്തനങ്ങളെ വിമർശിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങി സമസ്തമേഖലകളിലും മികച്ച പ്രവർത്തനമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

ശ്രീ. വി. കെ. പ്രശാന്ത്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് നൽകേണ്ട വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടും തനത് വരുമാനം വർധിപ്പിക്കാൻ സാധിച്ചു. തിരുവനന്തപുരം ജില്ലയുടെ വികസനത്തിനായുള്ള ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. പൊതുജനാരോഗ്യരംഗത്ത് 2024-ൽ 1600 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകിയതും പകർച്ചവ്യാധികൾ, മാനസികരോഗങ്ങൾ, അപകടമരണങ്ങൾ എന്നിവ കുറയ്ക്കാനായി മിഷൻ മോഡിൽ പദ്ധതികൾ ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. ആശാ വർക്കർമാർക്ക് കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 52.85 കോടി രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കണം. ലഹരി

ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമാക്കണം. സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പദ്ധതി പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പാക്കണം. ഡയാലിസിസിന് വിധേയരാകുന്നവരുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്ന സാഹചര്യത്തിൽ എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് സെന്ററുകളുടെ എണ്ണം വർധിപ്പിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പുതുമയാർന്ന പദ്ധതികൾ സ്വാഗതാർഹമാണ്. പവർക്കട്ടില്ലാത്തൊരു നാടിനെ സൃഷ്ടിക്കാൻ വൈദ്യുതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംമൂലം വൈദ്യുതി ബോർഡിനുണ്ടായിട്ടുള്ള ബാധ്യതയാണ് നിരക്ക് വർധനവിലൂടെ ജനങ്ങളുടെമേൽ അമിതഭാരമായി അടിച്ചേല്പിച്ചിരിക്കുന്നത്. അതിരപ്പിള്ളി, മലക്കപ്പാറ തോട്ടം മേഖലകളിലെ സാധാരണക്കാർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി 110 മെഗാവാട്ട് സബ്സ്റ്റേഷൻ അനുവദിക്കണം. ഹൈഡൽ ടൂറിസം, പെരിങ്ങൽക്കുത്ത്, ഷോളയാർ എന്നിവിടങ്ങളിലെ ബോട്ട് സവാരി എന്നിവ പുനരുജ്ജീവിപ്പിച്ച് റവന്യൂ വരുമാനം വർധിപ്പിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിൽ സൂപ്രണ്ട് തസ്തികയിൽ

സ്ഥിരനിയമനം നടത്തുന്നതിനും വിവിധ വിഭാഗം ഡോക്ടർമാരടക്കമുള്ള ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കുന്നതിനും വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാകാത്ത സ്ഥിതിവിശേഷം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ജെ. മാക്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തീരദേശ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരള തീരത്ത് ധാതുമണൽ ഖനനം നടത്താനുള്ള കേന്ദ്ര സർക്കാർ നീക്കം തടയണം. പുനർഗേഹം/ലൈഫ് പദ്ധതികളിലൂടെ നിരവധി മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചുനൽകിയത് അഭിനന്ദനാർഹമാണ്. പകർച്ചവ്യാധികൾ, പ്രളയം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ആരോഗ്യ മേഖലയിൽ മികവാർന്ന പ്രവർത്തനമാണ് വകുപ്പ് കാഴ്ചവയ്ക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സൗജന്യ ചികിത്സയ്ക്കായി പ്രതിവർഷം 1600 കോടി രൂപ ചെലവഴിച്ചുകൊണ്ട്

ശക്തമായ നിലയിൽ മുന്നോട്ടുപോകുന്ന സംസ്ഥാന ആരോഗ്യ മേഖല ദേശീയ ആയുഷ് സാമ്പിൾ സർവെയിലും മുന്നിലാണെന്നത് അഭിമാനകരമാണ്. മത്സ്യ ലഭ്യതയുടെ വർധനവിനായി മത്സ്യവിത്ത് നിക്ഷേപ പദ്ധതിക്ക് തുടക്കം കുറിച്ചതും കെ.എസ്.ആർ.ടി.സി. നഷ്ടത്തിൽനിന്നും കരകയറുന്നതും ആശ്വാസകരമാണ്.

ശ്രീമതി ശാന്തകുമാരി കെ.: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തോട് കേന്ദ്ര ഗവൺമെന്റ് കാണിക്കുന്ന അവഗണനയ്ക്കെതിരെ പ്രതികരിക്കാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്. മെഡിക്കൽ കോളേജുകളെ ദേശീയ റാങ്കിങ്ങിൽ ഒന്നാമതാക്കാനായതും 705 പി.എച്ച്.സി.-കളെയും 152 സി.എച്ച്.സി.-കളെയും ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്താനായതും നിരവധി ഇ-ഹെൽത്ത് സെന്ററുകൾ ആരംഭിക്കാനായതും ശ്രദ്ധേയമാണ്. ഗതാഗത-വൈദ്യുതി-ആരോഗ്യ മേഖലകളിൽ സമഗ്രമായ മാറ്റങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർഥനകളെ എതിർക്കുന്നു. ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നുകളോ മതിയായ ഡോക്ടർമാരുടെ സേവനങ്ങളോ ലഭ്യമാകുന്നില്ല. മലപ്പുറം ജില്ലയിൽ ഒരു ജനറൽ ആശുപത്രി അനുവദിക്കുന്നതിന് നടപടിയുണ്ടാകണം. വൈദ്യുതി വിതരണ മേഖലയുടെ

പുരോഗതി ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. പ്രഖ്യാപിച്ചിട്ടുള്ള മലപ്പുറം പാക്കേജ് നടപ്പാക്കുന്നതിനും വൈദ്യുതി ചാർജ് വർധന ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. ആർ.സി. ബുക്കുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിച്ചും വായ്പാ പരിധി വെട്ടിക്കുറച്ചും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുകയാണ്. കേരളം ആരോഗ്യ മേഖലയിൽ സമാനതകളില്ലാത്ത പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 705 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും 5415 ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയാരോഗ്യ കേന്ദ്രങ്ങളായും മാറ്റിയിട്ടുണ്ട്. അരുവിക്കര നിയോജക മണ്ഡലത്തിലെ കാട്ടാക്കട, ആര്യനാട് ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ വേഗത്തിൽ നടപ്പാക്കുകയും കുറ്റിച്ചൽ ആശുപത്രിയിൽ ഐ.പി. സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. വൈദ്യുതി മേഖലയിൽ സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. വെള്ളനാട് കേന്ദ്രീകരിച്ച് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം. തീരസംരക്ഷണ പ്രവർത്തനങ്ങൾക്കായി ചീഫ് സെക്രട്ടറി

അധ്യക്ഷയായി വകുപ്പ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. ടിക്കറ്റ്, ടിക്കറ്റിതര വരുമാനങ്ങൾ വർധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ച വിവിധ പദ്ധതികൾ അഭിനന്ദനാർഹമാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന രംഗത്ത് രാജ്യത്തിനുതന്നെ മാതൃകയായ കേരളത്തെ തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അർഹമായ വിഹിതം നിഷേധിച്ച് കേരള വിരുദ്ധ നിലപാട് സ്വീകരിക്കുന്ന കേന്ദ്രത്തിനെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകണം. പുതിയ തലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാകുന്നതിനുള്ള സാഹചര്യങ്ങളുണ്ടാകണം. കേരളത്തെ പവർകട്ടില്ലാത്ത സംസ്ഥാനമാക്കി മാറ്റാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രിയിൽ എം.ആർ.ഐ. സ്കാനിങ് ആരംഭിച്ചതും ക്യാൻസർ ചികിത്സയിൽ പ്രധാനപ്പെട്ട PET Scan സൗകര്യം ആരംഭിക്കാനുള്ള നടപടിയും ശ്ലാഘനീയമാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും എറണാകുളം ജില്ലാ ആശുപത്രിയിൽ വിജയകരമായി നടത്താൻ കഴിഞ്ഞത് എടുത്തുപറയത്തക്കതാണ്. ചലനശേഷി വീണ്ടെടുക്കാൻ സഹായിക്കുന്ന G Gaiter രാജ്യത്താദ്യമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പാക്കിയതിന് ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനങ്ങളും 28 പുരസ്കാരങ്ങളും നേടിയെടുക്കാൻ സാധിച്ചതും രക്തസമ്മർദം, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾ ബാധിച്ച നിർധനരായ രോഗികൾക്ക് റഫറൽ ആശുപത്രികളിൽ മികച്ച ചികിത്സ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതും ശ്ലാഘനീയമാണ്. എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് യൂണിറ്റ് സൗകര്യമൊരുക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയുർവേദ, ഹോമിയോപ്പതി വിഭാഗങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്തിയതിലൂടെ എല്ലാ ആരോഗ്യ വിഭാഗങ്ങളുടെയും വികസനമാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. പുനർഗേഹം പദ്ധതിയിലൂടെ 2428 വ്യക്തിഗത ഭവനങ്ങളുടെയും 390 ഫ്ലാറ്റുകളുടെയും ലൈഫ് പദ്ധതിയിലൂടെ 427736 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു. വയനാട് തുരങ്ക പാതയ്ക്കായി 2134.50 കോടി

രൂപയും റോഡുകൾക്കും പാലങ്ങൾക്കുമായി പദ്ധതിയേതര വിഹിതമുൾപ്പെടെ 4219.41 കോടി രൂപയും വകയിരുത്തിയത് കേരളത്തിന്റെ ടൂറിസം-വ്യാപാര മേഖലകളുടെ കുതിച്ചുചാട്ടത്തിന് കാരണമാകും. വൈദ്യുതി ബോർഡിന്റെ വികസനത്തിന് 158.8 കോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കാനും റവന്യൂ കമ്മി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതികളാക്കി മാറ്റിയ നടപടിക്കെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

ഡോ. എം. കെ. മുനീർ: ധനാഭ്യർഥനകളെ എതിർക്കുന്നു. ആരോഗ്യ മേഖലയ്ക്ക് മതിയായ തുക വകയിരുത്താത്ത നടപടി ഖേദകരമാണ്. കൊടുവള്ളി താലൂക്കാശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഐസൊലേഷനുവേണ്ടി നിർമ്മിച്ച കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ പരിശോധിക്കണം. ആശാ വർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. വാഴൂർ സോമൻ</u>: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പകർച്ചവ്യാധികളെ ചെറുക്കാൻ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. ജീവിതശൈലീ രോഗങ്ങളെ നേരിടുന്നതിലും മാതൃ-ശിശു ആരോഗ്യം നിലനിർത്തുന്നതിലും വാക്സിനേഷൻ വ്യാപിപ്പിക്കുന്നതിലും സംസ്ഥാനം നൽകുന്ന മുൻഗണന ശ്രദ്ധേയമാണ്. ദേശീയ കുടുംബക്ഷേമ പദ്ധതികൾക്കുള്ള ഫണ്ട് നിർത്തലാക്കിയ കേന്ദ്ര നടപടി പ്രതിഷേധാർഹമാണ്. കുട്ടികളിലെ പോഷകാഹാരക്കുറവ്, ലഹരിവസ്തുക്കളുടെ ഉപയോഗം, മാനസികാരോഗ്യം, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, ലിംഗസമത്വം എന്നിവയെക്കുറിച്ചുള്ള അവബോധം നൽകുന്നതിനായുള്ള സമഗ്ര ആരോഗ്യ പരിപാടി നടപ്പാക്കാൻ നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. മാതൃ-ശിശു മരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി മാറാനായതും ദേശീയ ഭക്ഷ്യ സുരക്ഷാ സൂചിക, ദേശീയ ആരോഗ്യ സുസ്ഥിര വികസന സൂചിക എന്നിവയിൽ ഒന്നാം സ്ഥാനത്തെത്താൻ കഴിഞ്ഞതും വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. വണ്ടിപ്പെരിയാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും

ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും കുമളി കുടുംബാരോഗ്യ കേന്ദ്രം, ഉപ്പുതറ സാമൂഹികാരോഗ്യ കേന്ദ്രം, ഏലപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ കുറവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെ തകർച്ചയിൽനിന്നും കരകയറ്റാൻ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പീരുമേട് ആർ.ടി. ഓഫീസിന് പുതിയ വാഹനം അനുവദിച്ചത് അഭിനന്ദനാർഹമാണ്. അപകടങ്ങൾ കുറയ്ക്കുന്നതിന് ഹൈറേഞ്ചിൽ പുതിയ ബസ്സുകൾ സർവീസ് നടത്തുന്നതിനും കുമളി ഡിപ്പോയ്ക്ക് ഷോർട്ട് വീൽ ബേസ് ബസ്സുകൾ അനുവദിക്കുന്നതിനും മലയോര മേഖലയിലെ ഓട്ടോറിക്ഷകൾക്ക് പ്രത്യേക മീറ്റർ ഫെയർ ചാർജ് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. പവർക്കട്ടില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാനായിട്ടുണ്ട്. പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിക്കണം.

ശ്രീ. എച്ച്. സലാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മികച്ച മറൈൻ സംസ്ഥാനമായി കേരളത്തെ മാറ്റാനായതും പുനർഗേഹം പദ്ധതിപ്രകാരം മൂവായിരത്തോളം വീടുകൾ നിർമ്മിച്ച് നൽകിയതും മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് തുക 20 ലക്ഷമാക്കി

വർധിപ്പിച്ചതും വിദ്യാതീരം പദ്ധതിയിലൂടെ തീരദേശ കുടുംബങ്ങളിൽനിന്നും 87 ഡോക്ടർമാരെ സൃഷ്ടിക്കാനായതും 6 തുറമുഖങ്ങൾ യാഥാർഥ്യമാക്കാൻ സാധിച്ചതും സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടങ്ങളാണ്. തോട്ടപ്പള്ളി ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്തണം. കടലിന്റെ ആവാസ വ്യവസ്ഥയെ തകിടംമറിക്കുന്ന കടൽ മണൽ ഖനനം തടയുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമന്യേ കേന്ദ്രത്തിനെതിരെ പ്രതിഷേധിക്കണം. പൊതുജനാരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നിരവധി ദേശീയ-അന്തർദേശീയ അവാർഡുകൾ ലഭിച്ചതും ആകെ ബജറ്റ് തുകയുടെ 6.18 ശതമാനം തുക ആരോഗ്യ മേഖലയ്ക്ക് മാറ്റിവച്ചതും അഭിനന്ദനാർഹമാണ്. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ച് സൗജന്യ ചികിത്സ നൽകുന്നതിലൂടെ അവിടെയെത്തുന്ന രോഗികളുടെ എണ്ണം വർധിപ്പിക്കാനായിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർഥനകളെ എതിർക്കുന്നു. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന കോട്ടയം ജില്ലയിലെ ആകാശപാതയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അവശ്യമരുന്നുകളും അനുബന്ധ സാമഗ്രികളുമുണ്ടെന്ന് ഉറപ്പുവരുത്തണം. ആശാ വർക്കർമാരുടെ

സമരത്തോട് അനുഭാവപൂർവമായ നിലപാട് സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കെ.എസ്.ആർ.ടി.സി.-യുടെ ഉന്നമനത്തിനായി കഴിഞ്ഞ ഒൻപത് വർഷത്തിനുള്ളിൽ പതിനായിരം കോടി രൂപയും കെ.ടി.ഡി.എഫ്.സി.-യിലുള്ള കടംവീട്ടാൻ 650 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ചെലവ് ചുരുക്കൽ നടപടികളിലൂടെയും വരുമാന വർധനവിനുള്ള പ്രവർത്തനങ്ങളുടെ ഫലമായും 2024 ആഗസ്റ്റ് മുതൽ ഒറ്റത്തവണയായും 2025 മാർച്ച് മുതൽ ഒന്നാം തീയതിയും ശമ്പളം നൽകാൻ സാധിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ഓൺലൈനിലൂടെ ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വിരമിച്ച ജീവനക്കാരുടെ കുടിശ്ശിക ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർ മദ്യപിച്ച് ബസ്സ് ഓടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയതിലൂടെ കെ.എസ്.ആർ.ടി.സി. ബസ്സുകൾമൂലമുള്ള റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. സ്പോൺസർഷിപ്പിലൂടെ കരുനാഗപ്പള്ളി ബസ്സ് സ്റ്റേഷനിലെ ജീവനക്കാരുടെ വിശ്രമമുറിയും പാലക്കാട് ഡിപ്പോയിലെ ഓഫീസും സമ്പൂർണ്ണമായും ശീതീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. നിർമ്മിക്കുന്ന എല്ലാ ബസ്സ് സ്റ്റേഷനുകളിലും ശീതീകരിച്ച ഓഫീസും ജീവനക്കാരുടെ വിശ്രമമുറികളും

ഉറപ്പുവരുത്തുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ സിവിൽ വർക്കുകളും സെന്റേജ് ചാർജ് ഒഴിവാക്കി പൊതുമരാമത്ത് (ബിൽഡിങ്സ്) വകുപ്പ് മുഖേന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ചെങ്ങന്നൂർ, കൊല്ലം, കായംകുളം, കൊട്ടാരക്കര, ഗുരുവായൂർ, മലപ്പുറം എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും പെരുമ്പാവൂർ ബസ്സ് സ്റ്റേഷൻ സ്പോൺസർഷിപ്പിലൂടെ ബ്രാൻഡ് ചെയ്യാനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഫ്ലീറ്റ് മോഡണൈസേഷന്റെ ഭാഗമായി ഗ്രാമീണ മേഖലയിൽ ചെലവും മെയിന്റനൻസും കുറഞ്ഞ ചെറിയ ബസ്സുകൾ സർവീസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ബജറ്റ് ടൂറിസത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് പ്രതിമാസം 1.62 കോടി രൂപയുടെ വർധനവുണ്ടായിട്ടുണ്ട്. ഈ വർഷം കൊറിയർ സർവീസിലൂടെ 6.80 കോടി രൂപ ലഭിച്ചിട്ടുണ്ട്; കൊറിയർ ഉരുപ്പടികൾ വീടുകളിലെത്തിക്കുന്ന സംവിധാനം സംബന്ധിച്ച് ആലോചിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി. ഷോപ്പിങ് കോംപ്ലക്സുകളിൽ ഒഴിഞ്ഞുകിടന്ന 44 കടകൾ വാടകയ്ക്ക് നൽകിയതിലൂടെ 31.70 ലക്ഷം രൂപ സ്വരൂപിക്കുകയും നമ്പർ ലഭിക്കാത്ത 219 കടകൾക്ക് നമ്പർ ലഭ്യമാക്കി വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഡ്രൈവിങ് സ്കൂൾ നടത്തിപ്പിലൂടെ 43.84 ലക്ഷം

രൂപ ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. പുതിയ മിന്നൽ, ലോ ഫ്ലോർ, സൂപ്പർ ഡീലക്സ് ബസ്സുകൾ വാങ്ങാനും കെ.എസ്.ആർ.ടി.സി. ബസ്സിൽ ഹൈബ്രിഡ് എ.സി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. എ.സി. ബസ്സുകളുടെ എണ്ണം വർധിപ്പിക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ പൊതുഗതാഗത സംവിധാനത്തിലേക്ക് ആകർഷിക്കാൻ സാധിക്കും. യാത്രാമധ്യേയുള്ള ഹോട്ടലുകളിൽ നല്ല ഭക്ഷണം, പാർക്കിങ്, ടോയ്‌ലറ്റുകൾ എന്നിവ ഉറപ്പാക്കിയതിലൂടെ യാത്രക്കാരുടെ എണ്ണം വർധിച്ചിട്ടുണ്ട്. ഓൺലൈൻ റിസർവേഷൻ, ആൻഡ്രോയിഡ് ടിക്കറ്റ് മെഷീൻ, ലൈവ് ബുക്കിങ് എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

01-11-2024 മുതൽ ഡിജിറ്റൽ ലൈസൻസും 01-03-2025-ൽ ഡിജിറ്റൽ ആർ.സി. ബുക്കും ഇന്ത്യയിലാദ്യമായി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. റോഡ് സേഫ്റ്റി സംബന്ധിച്ച ബോധവൽക്കരണത്തിനായി ഒരു ലേണേഴ്സ് ആപ്പ് കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഗ്രാമപ്രദേശങ്ങളിലെ പൊതുഗതാഗത സൗകര്യങ്ങൾ വർധിപ്പിക്കാനുതകുന്ന വിധത്തിൽ റൂട്ട് ഫോർമുലേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. റൂട്ടുകൾക്ക് പെർമിറ്റിന് പകരം ലൈസൻസ് സംവിധാനം കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്ററുകൾക്കായി 19 സ്ഥലങ്ങളിൽ ടെൻഡർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ ഭാഗമായി 18-03-2025 മുതൽ വകുപ്പിൽ യൂണിഫൈഡ് കൗണ്ടർ സിസ്റ്റം ഏർപ്പെടുത്തും. ഗതാഗതം, ടൂറിസം, സാംസ്കാരികം വകുപ്പുകൾ ചേർന്ന് ജലഗതാഗത വകുപ്പിന്റെ കീഴിൽ കുട്ടനാട് ബാക്ക്‌വാട്ടർ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കേരളത്തിലെ ആരോഗ്യരംഗം അടുക്കും ചിട്ടയും ശാസ്ത്രീയ അടിത്തറയുമുള്ള പ്രവർത്തനങ്ങളിലൂടെ ചരിത്രപരമായ മുന്നേറ്റം നടത്തിവരികയാണ്. ക്യാൻസർമൂലമുള്ള മരണം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലോക ക്യാൻസർ ദിനമായ ഫെബ്രുവരി മാസം 4-ാം തീയതി തുടക്കംകുറിച്ച 12 മാസം നീണ്ടുനിൽക്കുന്ന 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം' എന്ന ജനകീയ ക്യാമ്പയിനിലൂടെ 12.9 ലക്ഷത്തോളം വനിതകൾ സ്ക്രീനിങ്ങിന് വിധേയമായത് ലോകാരോഗ്യചരിത്രത്തിലെ റെക്കോർഡ് നേട്ടമാണ്. വിവിധ ആശുപത്രികളിൽ 7000 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ആർദ്രം മിഷന്റെ ഭാഗമായി 771 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന ആരോഗ്യ സ്ഥാപനത്തിനുള്ള കേന്ദ്ര സർക്കാർ പുരസ്കാരം കോട്ടയം മെഡിക്കൽ കോളേജിനാണ് ലഭിച്ചത്. അപൂർവരോഗങ്ങൾക്കുള്ള ചികിത്സാ കേന്ദ്രമായി തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയെയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി ഡിപ്പാർട്ടുമെന്റിനെ മികവിന്റെ കേന്ദ്രമായും കേന്ദ്ര സർക്കാർ തിരഞ്ഞെടുത്തിട്ടുണ്ട്. അപൂർവരോഗമുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യ ചികിത്സ നൽകുന്ന കെയർ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് State Institute for Transplantation ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. എല്ലാ താലൂക്കാശുപത്രികളിലും ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ ജെറിയാട്രിക് വാർഡിന്റെയും താലൂക്കാശുപത്രികളിൽ ഡെന്റൽ ക്ലിനിക്കുകളുടെയും പ്രവർത്തനം ആരംഭിക്കുകയും എറണാകുളം ജനറൽ ആശുപത്രിയിൽ ഹാർട്ട് ട്രാൻസ്പ്ലാന്റേഷൻ നടത്താനുള്ള ക്രമീകരണങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്കുകൾ സജ്ജമാക്കി വരികയാണ്. തിരുവനന്തപുരത്ത് സ്കിൻ ബാങ്ക് ആരംഭിക്കുകയും

ബോൺ ബാങ്ക് ആരംഭിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തി വരികയുമാണ്. പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറിയെന്ന സർക്കാർ നയം സാക്ഷാത്കരിക്കാൻ സാധിച്ചു. സി-ഡാക്ക്-സ്വീഡിഷ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുകൊണ്ട് CerviScan മെഷീൻ വികസിപ്പിച്ചിട്ടുണ്ട്. പ്രോസ്റ്റേറ്റ് ക്യാൻസറിന് Real time Ultra sound-guided prostate brachytherapy ചികിത്സയും എം.സി.സി.-യിൽ Ocular Oncology ഡിപ്പാർട്ടുമെന്റും CAR-T Cell therapy-യും ആരംഭിക്കാൻ സാധിച്ചു. കണ്ണിലെ ട്യൂമർ ചികിത്സയ്ക്കായുള്ള Retinoblastoma വികസിപ്പിച്ചിട്ടുണ്ട്. Triple Negative Breast Cancer-നുള്ള വാക്സിൻ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. പോലീസ്, ഫയർഫോഴ്സ്, ആശാ വർക്കർമാർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവരെ സി.പി.ആർ. നൽകുന്നതിന് പരിശീലിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി 160 കോടി രൂപയുടെ പ്രവർത്തനങ്ങളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ പത്തുലക്ഷം സ്ക്വയർ ഫീറ്റിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സംസ്ഥാനത്തെ ഓട്ടോറിക്ഷകളിൽ മീറ്റർ പ്രവർത്തിപ്പിച്ചില്ലെങ്കിൽ ഓട്ടോ ചാർജ് കൊടുക്കേണ്ടതില്ലെന്നുള്ള സ്റ്റിക്കർ പതിപ്പിക്കണമെന്ന കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ തീരുമാനം പിൻവലിക്കുകയാണ്. എന്നാൽ സർക്കാർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള യാത്രാ ചാർജ് പ്രദർശിപ്പിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): മത്സ്യബന്ധനമേഖലയിലെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ പ്രശ്നങ്ങൾ പരിഹരിച്ച് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനും സാമൂഹ്യസുരക്ഷ ഉറപ്പുവരുത്താനുമുള്ള നൂതനപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനരംഗത്തും പൊതുവരുമാനത്തിലും വർധനവുണ്ടാക്കാൻ മത്സ്യബന്ധനമേഖലയുടെ പങ്ക് സഹായകമായിട്ടുണ്ട്. രാജ്യത്തെ മികച്ച മറൈൻ സംസ്ഥാനമാകാൻ കേരളത്തിന് സാധിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. ഒരു നെല്ലും ഒരു മീനും പദ്ധതി, ചെമ്മീൻ കൃഷി, ശാസ്ത്രീയ മത്സ്യകൃഷി എന്നിവയിലൂടെ ഉൾനാടൻ മേഖലയിലെ

മത്സ്യോൽപാദനം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ്, പുനർഗേഹം പദ്ധതികളിലൂടെ നിരവധി മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ച് നൽകാനായതും മുട്ടത്തറയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയവും സർക്കാരിന്റെ നേട്ടങ്ങളാണ്. പ്രതിഭാ തീരം, കരിയർ ഗൈഡൻസ്, മാതാപിതാക്കൾ നഷ്ടപ്പെടുന്ന കുട്ടികളെ ദത്തെടുക്കൽ, മെഡിക്കൽ എൻട്രൻസ് കോച്ചിങ്, ഫിഷറീസ് യൂണിവേഴ്സിറ്റിയിൽ 20 ശതമാനം സംവരണം ഏർപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾ മത്സ്യബന്ധന മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതാണ്. സമുദ്ര ബസ്സ്, ഫിഷറീസ് ആശുപത്രികൾ-സി.എച്ച്.സി.-പി.എച്ച്.സി.-കളിലെ അടിസ്ഥാന സൗകര്യവികസനം, തീരദേശ വിദ്യാലയങ്ങളിലെ സ്പോർട്സ് സൗകര്യങ്ങൾ, റിസർവോയറിലെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ പദ്ധതികളും ഇടതുപക്ഷ സർക്കാരിന്റെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു. തദ്ദേശീയ മത്സ്യ ഉൽപാദനവും ഹാച്ചറികളുടെയും ഫിഷറീസ് സ്റ്റേഷനുകളുടെയും എണ്ണവും വർധിപ്പിച്ചിട്ടുണ്ട്. ട്രോളിങ് നിരോധനം 52 ദിവസമാക്കുകയും മത്സ്യോൽപാദനം വർധിപ്പിക്കുന്നതിനായി തീരക്കടലിൽ കൃത്രിമ പാരുകൾ സ്ഥാപിക്കുകയും ചെയ്തു. സുരക്ഷാമേഖലയിലെ ഫിഷറീസ് സ്റ്റേഷനുകളിൽ സുരക്ഷാ ഉപകരണങ്ങളും റെസ്ക്യൂ യൂണിറ്റുകളും സജ്ജീകരിച്ചു. മത്സ്യമാർക്കറ്റുകൾ

നവീകരിക്കുകയും മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച നിയമം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്താനും തൊഴിൽ തീരം, ശുചിത്വ സാഗരം-സുന്ദര തീരം പദ്ധതികൾക്ക് തുടക്കം കുറിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തും. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കുടിശ്ശികയുണ്ടായിരുന്ന ഇൻഷ്വറൻസ് തുക കൊടുത്തുതീർക്കുകയും ക്ഷേമനിധി പരിഷ്കരിക്കുകയും ചെയ്തു. ആകസ്മിക മരണങ്ങൾക്കുള്ള ആശ്രിത ധനസഹായം ഒരു ലക്ഷം രൂപയായും മത്സ്യ അനുബന്ധത്തൊഴിലാളികളുടെ പെൺകുട്ടികളുടെ വിവാഹ ധനസഹയം 25,000/- രൂപയായും മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 2000/- രൂപയായും വർധിപ്പിച്ചിട്ടുണ്ട്. അപകടംമൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ നൽകാൻ സാധിച്ചത് മത്സ്യബന്ധന മേഖലയോടുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയാണ് കാണിക്കുന്നത്. കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവകലാശാലയ്ക്ക് നിരവധി അംഗീകാരങ്ങൾ കരസ്ഥമാക്കാനും അതിന്റെ കീഴിൽ പയ്യന്നൂരിൽ പുതിയ സെന്റർ ആരംഭിക്കാനും സാധിച്ചു. നഷ്ടത്തിൽ

പ്രവർത്തിച്ചിരുന്ന മത്സ്യഫെഡ്, അഡാക്ക് എന്നീ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും SAF യൂണിറ്റുകളുടെ എണ്ണം വർധിപ്പിക്കാനും സാധിച്ചു. 47 നിയോജകമണ്ഡലങ്ങളിൽ തീരസദസ് സംഘടിപ്പിച്ചതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് കുടിശ്ശികയുണ്ടായിരുന്ന 799 ലക്ഷം രൂപ വിതരണം ചെയ്യുകയും മത്സ്യബന്ധന വകുപ്പിന് ലഭിച്ച 90 ശതമാനം പരാതികളും പരിഹരിക്കുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളും നവീകരിക്കാൻ സാധിച്ചിട്ടുണ്ട്. പൊഴിയൂർ ഹാർബർ നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. മുതലപ്പൊഴി ഫിഷിങ് ഹാർബറിൽ എല്ലാ ആധുനിക സൗകര്യങ്ങളുമൊരുക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 36.78 കോടി രൂപ അനുവദിച്ചു. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം യാഥാർഥ്യമാക്കുന്നതിനാവശ്യമായ പാലം നിർമ്മാണം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): രാജ്യത്തെ വൈദ്യുതി മേഖലയാകെ സ്വകാര്യവൽക്കരിക്കുന്ന നയങ്ങളുമായി കേന്ദ്ര സർക്കാർ

മുന്നോട്ടുപോകുമ്പോഴും ഒറ്റ കമ്പനിയായി നിലനിർത്തിക്കൊണ്ട് മികച്ച നിലവാരത്തിലേക്ക് കെ.എസ്.ഇ.ബി.എൽ.-നെ ഉയർത്തിക്കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. ദേശീയ ശരാശരിയെക്കാൾ വൈദ്യുതി ഉപഭോഗം സംസ്ഥാനത്ത് വർധിക്കുന്ന സാഹചര്യത്തിൽ ആഭ്യന്തര വൈദ്യുതി ഉൽപാദനം വർധിപ്പിക്കേണ്ടതും വിതരണ മേഖല ശാക്തീകരിക്കേണ്ടതും അനിവാര്യമാണ്. പരമ്പരാഗത ഊർജസ്രോതസ്സുകളെ മാത്രം ആശ്രയിക്കാതെ 2040-ഓടെ പൂർണ്ണമായും പുനരുപയോഗ ഊർജസ്രോതസ്സുകളെ ആശ്രയിക്കാനും 2050-ഓടെ നെറ്റ് സീറോ കാർബൺ നിലയിലേക്ക് സംസ്ഥാനത്തെ എത്തിക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആഭ്യന്തര വൈദ്യുതി ഉൽപാദനം 1361.75 മെഗാവാട്ട് വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന വിവിധ വൈദ്യുത-ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ സാധിച്ചു. അധിക ആവശ്യകത നിറവേറ്റുന്നതിന് ജലവൈദ്യുത പദ്ധതികൾക്ക് പുറമെ പമ്പ്ഡ് സ്റ്റോറേജ്, ബാറ്ററി സ്റ്റോറേജ് സിസ്റ്റം, കാറ്റ് എന്നിവയിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ജലാശയങ്ങളിൽനിന്ന് 6000 മെഗാവാട്ട് വൈദ്യുതോൽപാദനം ലക്ഷ്യമിട്ട് ഫ്ലോട്ടിങ് സോളാർ വൈദ്യുതോൽപാദന

സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈഡ്രജൻ വാലി പദ്ധതി നടപ്പാക്കുന്നതിന് അനെർട്ടിന്റെ നേതൃത്വത്തിൽ "ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ-കേരള" എന്ന പ്രത്യേക ഉദ്ദേശ്യ കമ്പനി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. തനതുപദ്ധതികളും ട്രാൻസ്ഗ്രിഡ് പദ്ധതിയും നടപ്പാക്കിയതുവഴി വൈദ്യുത പ്രസരണ മേഖലയിൽ വൻ മുന്നേറ്റം ഉണ്ടാക്കാനും 27 സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കാനും 33 സബ് സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കാനും സാധിച്ചു. 400 കെ.വി. പവർ ഹൈവേയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മലപ്പുറം, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ വൈദ്യുതി മേഖലയുടെ വികസനത്തിനായി തയ്യാറാക്കിയ പ്രത്യേക സമഗ്ര പാക്കേജ് പ്രാവർത്തികമാക്കുന്നതിന് എം.എൽ.എ.-മാരുടെ സഹകരണം ഉണ്ടാകണം. 102 ആദിവാസി ഉന്നതികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 4.6 ലക്ഷം കാർഷിക പമ്പുകളിൽ ഒരു ലക്ഷം പമ്പുകൾ സൗരോർജവൽക്കരിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് പ്രതിവർഷം പതിനായിരം രൂപയോളം സ്ഥിരവരുമാനം ലഭ്യമാകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഹരിത

ഊർജ വരുമാന പദ്ധതി നടപ്പാക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിപ്രകാരം നിർമ്മിച്ച 715 വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചു. അങ്കണവാടികളെ സമ്പൂർണ്ണ ഊർജ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിന് അങ്കൺജ്യോതി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾമൂലം പ്രതിസന്ധിയിലായ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അടച്ചുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളുമായി ബന്ധപ്പെടുത്തി ഹൈഡൽ ടൂറിസം പദ്ധതികൾ നടപ്പാക്കിവരികയാണ്. പരിസ്ഥിതി സൗഹൃദ ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ഇലക്ട്രിക് & സോളാർ ബോട്ടുകൾ പ്രവർത്തനമാരംഭിച്ചു. ബാണാസുരസാഗർ ഹൈഡൽ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ വ്യാപനത്തിനായി സംസ്ഥാനത്ത് ചാർജിങ് സ്റ്റേഷനുകളുടെ ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.-നും അനെർട്ടിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജിങ് പോയിന്റുകളും അനെർട്ട് 15 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. മൊബൈൽ ആപ്പുകളുടെയും

ഇ-വാലറ്റുകളുടെയും സഹായമില്ലാതെ ചാർജിങ് സാധ്യമാക്കുന്ന ഏകീകൃത സംവിധാനം സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ദീർഘകാലാടിസ്ഥാനത്തിൽ 500 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനാവശ്യമായ കൽക്കരി ലിങ്കേജ് കേന്ദ്ര സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചാബ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളുമായി കൈമാറ്റ കരാറുകളിൽ ഏർപ്പെട്ടുകൊണ്ട് ഏകദേശം 500 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്തമാസം ഹിമാചൽ പ്രദേശിൽനിന്നും ഏകദേശം 150 മെഗാവാട്ടോളം വൈദ്യുതി കൈമാറ്റ കരാറിലൂടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ GSDP-യുടെ 0.5 ശതമാനം അധിക കടമെടുപ്പ് ലഭിക്കുന്നതിനുവേണ്ടി കഴിഞ്ഞ രണ്ടുവർഷങ്ങളിലായി ഏകദേശം 1250 കോടി രൂപയുടെ ധനസഹായം സർക്കാർ നൽകിയതുവഴി കെ.എസ്.ഇ.ബി.എൽ.-ന് പ്രവർത്തന ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ചൂരൽമല, മുണ്ടക്കൈ ദുരന്ത മേഖലയിൽ അതിവേഗം വൈദ്യുതി പുനഃസ്ഥാപിക്കാനും മേപ്പാടി പഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ ഉപഭോക്താക്കൾക്ക് ആറുമാസം സൗജന്യ വൈദ്യുതി വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. തദ്ദേശവാസികളുടെ നിലവിലുള്ള വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കരുതെന്നുള്ള നിർദേശം നൽകിയിട്ടുണ്ട്.

വയനാട് ദുരന്തത്തിൽ കേടുപാടുകൾ സംഭവിച്ച 5300 വൈദ്യുതി കണക്ഷനുകളിൽ 4397 കണക്ഷനുകൾ പുനഃസ്ഥാപിച്ചിട്ടുണ്ട്. വന്യമൃഗശല്യം നേരിടുന്ന സ്ഥലങ്ങളിൽ ദുരന്തനിവാരണ അതോറിറ്റി നിർദേശിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതുമായ സ്ഥലങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതാണ്. 250 യൂണിറ്റിന് മുകളിൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ടൈം ഓഫ് ഡേ ബില്ലിങ് സമ്പ്രദായം ഏർപ്പെടുത്താനും പകൽ സമയത്തെ എനർജി ചാർജിൽ 10% ഇളവ് നൽകാനും തീരുമാനമായിട്ടുണ്ട്. എൽ.ടി. വ്യാവസായിക ഉപഭോക്താക്കൾക്ക് പകൽ സമയത്ത് എനർജി ചാർജിൽ 10 ശതമാനം കുറവ് വരുത്തിയിട്ടുണ്ട്. 2025 ഫെബ്രുവരിയിൽ ഇന്ധന സർചാർജ് 19 പൈസയിൽനിന്നും 10 പൈസയായും മാർച്ച് മാസത്തിൽ പ്രതിമാസ ബില്ലിങ് ഉപഭോക്താക്കൾക്ക് യൂണിറ്റിന് ആറ് പൈസയും രണ്ടുമാസത്തിലൊരിക്കൽ ബില്ലിങ്ങുള്ളവർക്ക് യൂണിറ്റിന് എട്ടുപൈസയും കുറഞ്ഞിട്ടുണ്ട്. ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ

ധനാഭ്യർഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയും 23-നെതിരെ 66 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.57-ന് പിരിഞ്ഞു.

******